**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5218** 27.06.2019 - ൽ മറുപടിക്ക്.

**റേഷൻ വിതരണത്തിനായി പദ്ധതികൾ**

ചോദ്യം

**ശ്രീ.എം. സ്വരാജ് :**

**(എ)** ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റേഷൻ വിതരണത്തിനായി എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പിലാക്കി എന്ന് വ്യക്തമാക്കുമോ;

**(ബി)** ഇതിലൂടെ എന്തെല്ലാം നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ?

മറുപടി

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

**(എ) യും (ബി) യും** ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റേഷൻസാധനങ്ങൾ പൊതുജനങ്ങൾക്ക് കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളിലും ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിച്ച് റേഷൻ വിതരണം ആരംഭിച്ചു.

2. റേഷൻ കാർഡിലെ അംഗങ്ങളുടെ ബയോമെട്രിക് വിവരങ്ങൾ ശേഖരിച്ച് ആതന്റിക്കേറ്റ് ചെയ്ത് യഥാർത്ഥ ഗുണഭോക്താവിനു തന്നെ റേഷൻ ലഭിക്കുന്നു എന്നുറപ്പാക്കുന്നു. 97% കാർഡുടമകൾ ബയോമെട്രിക് സംവിധാനം ഉപയോഗിച്ച് റേഷൻ വാങ്ങുന്നുണ്ട്.

3. റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ തത്സമയം വകുപ്പിന്റെ പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കാൻ സാധിക്കും.

4. ഇടനിലക്കാരെ പൂർണ്ണമായി ഒഴിവാക്കി വാതിൽപ്പടി വിതരണം നിലവിൽ വന്നതോടെ ഈ രംഗത്തെ അഴിമതി പരമാവധി കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ട്. വാതിൽപ്പടി വിതരണം നിരീക്ഷിക്കുന്നതിന് സപ്ലൈ ചെയിൻ മാനേജ്മെന്റ് ആപ്ലിക്കേഷൻ ഉപയോഗിച്ചുവരുന്നു.

5. ഗുണഭോക്താക്കൾക്ക് റേഷൻ വിഹിതം സംബന്ധിച്ച് എസ്.എം.എസ് സന്ദേശം നൽകിവരുന്നു.

6. മൊബൈൽ ആപ്പ് വഴി റേഷൻ കാർഡ് വിവരങ്ങളും റേഷൻ സാധനങ്ങളുടെ വിവരങ്ങളും ലഭ്യമാക്കുന്നു.

7. ഡിജിലോക്കർ സംവിധാനത്തിൽ റേഷൻ കാർഡുകളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

8. പരാതികൾ പരിഹരിക്കുന്നതിനായി സംസ്ഥാന ഭക്ഷ്യ കമ്മീഷൻ രൂപീകരിച്ചു.

9. സംസ്ഥാനത്തെ ഏതു റേഷൻ കടയിൽ നിന്നും സാധനം വാങ്ങുന്നതിനായി പോർട്ടബിലിറ്റി സംവിധാനം ഏർപ്പെടുത്തി.

10. നേരിട്ടുപോയി റേഷൻ വാങ്ങാൻ കഴിയാത്തവർക്ക് പ്രോക്സി സംവിധാനം നിലവിലുണ്ട്.

കൂടാതെ റേഷനിംഗ് ഇൻസ്പെക്ടർമാർ പ്രതിവാരം 10 കാർഡുകളെങ്കിലും പരിശോധിച്ച് പരിശോധനയുടെ അടിസ്ഥാനത്തിൽ കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടോ എന്നും റേഷൻ വ്യാപാരി കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടോ എന്നും ഉറപ്പ് വരുത്തുന്നതിനും വീഴ്ച വരുത്തുന്നവരുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 ന്റെ സെക്ഷൻ (29) പ്രകാരം പൊതുവിതരണ രംഗത്തെ കൃത്യതയും സുതാര്യതയും ഉറപ്പ് വരുത്തുന്നതിനായി സംസ്ഥാന, ജില്ലാ, ബ്ലോക്ക്, റേഷൻകട തല വിജിലൻസ് കമ്മിറ്റികൾ 17.08.2018 ലെ സ.ഉ.(സാധാ) നം. 417/2018/ഭ.സി.സ.വ, 418/2018/ഭ.സി.സ.വ, 419/2018/ഭ.സി.സ.വ, 420/2018/ഭ.സി.സ.വ എന്നിവ പ്രകാരം രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

റേഷൻ പരമാവധി അർഹരിൽ തന്നെ എത്തുന്നതിന് മേൽപ്പറഞ്ഞ സംവിധാനങ്ങൾ സഹായകമാകും.

**സെക്ഷൻ ഓഫീസർ**